ALL INDIA RADIO THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# പ്രാദേശിക വാർത്തകൾ

**TIME: 12.30 PM** **DATE: 01.01.2025**

## പ്രധാനവാർത്തകൾ

1. വയനാട് ഉരുൾപ്പൊട്ടൽ പുനരധിവാസത്തിന് സഹായം വാഗ്ദാനം ചെയ്തവരുമായി മുഖ്യമന്ത്രി പിണറായി വിജയൻ തിരുവനന്തപുരത്ത് ചർച്ച നടത്തുന്നു.
2. മാലിന്യം വലിച്ചെറിയുന്ന ശീലം ഉപേക്ഷിക്കുക എന്ന ലക്ഷ്യവുമായി സംസ്ഥാനത്ത് വലിച്ചെറിയൽ വിരുദ്ധ വാരത്തിന് ഇന്ന് തുടക്കം.
3. സസ്യ ശാസ്ത്രജ്ഞനും പത്മശ്രീ ജേതാവുമായ ഡോ.കെ.എസ് മണിലാൽ തൃശൂരിൽ അന്തരിച്ചു.
4. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ വിദ്യാർത്ഥികൾക്കായുള്ള ഒരു രാജ്യം ഒരു സബ്സ്ക്രിപ്ഷൻ സംരംഭത്തിന് കേന്ദ്ര സർക്കാർ തുടക്കം കുറിച്ചു.
5. 92-ാമത് ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് സമാപനം ; ശബരിമലയിൽ കാനനപാത വഴിയുള്ള യാത്രയ്ക്ക് പ്രത്യേക പാസ് നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചു.

***********************************************

### വയനാട് : മുഖ്യമന്ത്രിയുടെ യോഗം

വയനാട് മുണ്ടക്കൈ, ചൂരൽമല പുനരധിവാസത്തിന് സഹായം വാഗ്ദാനം ചെയ്തവരുമായി മുഖ്യമന്ത്രി പിണറായി വിജയൻ

RNU TVPM

തിരുവനന്തപുരത്ത് ചർച്ച നടത്തുന്നു. സ്ഥലം ഏറ്റെടുക്കുന്നതിൻറെ വിശദാംശങ്ങൾ, ടൗൺഷിപ്പിന്റെയും വീടുകളുടെയും പ്ലാൻ എന്നിവ യോഗത്തെ അറിയിക്കുമെന്നാണ് സൂചന.

*******************************************

## വലിച്ചെറിയൽ വിരുദ്ധ വാരം

മാലിന്യം വലിച്ചെറിയുന്ന ശീലം ഉപേക്ഷിക്കുക എന്ന ലക്ഷ്യവുമായി വലിച്ചെറിയൽ വിരുദ്ധ വാരത്തിന് സംസ്ഥാനത്ത് തുടക്കമാകും. മന്ത്രി എം ബി രാജേഷ് പരിപാടിയുടെ സംസ്ഥാന തല ഉദ്ഘാടനം ഇന്ന് തിരുവനന്തപുരത്ത് നിർവ്വഹിക്കും. റോഡുകളിൽ മാലിന്യം വലിച്ചെറിയുന്നത് തടയാൻ തദ്ദേശ സ്ഥാപനങ്ങൾ പൊതുബിന്നുകൾ കൂടുതലായി സ്ഥാപിക്കും. വാരാചരണത്തിൻറെ ഭാഗമായി എല്ലാ ജംഗ്ഷനുകളിലും ഈ മാസം 20 നകം ജനകീയ സമിതികൾ രൂപീകരിക്കും.

*******************************************

## ഗവർണർ - സത്യപ്രതിജ്ഞ

കേരള ഗവർണറായി രാജേന്ദ്ര വിശ്വനാഥ് ആർലേക്കർ നാളെ സത്യപ്രതിജ്ഞ ചെയ്യും. രാവിലെ 10.30 ന് രാജ്ഭവനിൽ നടക്കുന്ന ചടങ്ങിൽ കേരള ഹൈക്കോടതി ചീഫ് ജസ്റ്റിസ് നിതിൻ മധുകർ ജംദാർ അദ്ദേഹത്തിന് സത്യവാചകം ചൊല്ലി കൊടുക്കും. തിരുവനന്തപുരം വിമാനത്താവളത്തിൽ ഇന്ന് വൈകുന്നേരം എത്തുന്ന നിയുക്ത ഗവർണറെ മുഖ്യമന്ത്രി പിണറായി വിജയൻ, സ്പീക്കർ എ.എൻ. ഷംസീർ, മന്ത്രിമാർ തുടങ്ങിയവർ ചേർന്ന് സ്വീകരിക്കും.

*******************************************

PNU TVPM

## ന്യൂ ഇയർ

പുത്തൻപ്രതീക്ഷകളുടെ 2025. പുതുവർഷത്തെ ആഘോഷ ആരവങ്ങളോടെയാണ് ലോകം വരവേറ്റത്. സംസ്ഥാനത്തെ ഒട്ടുമിക്ക വിനോദ സഞ്ചാര കേന്ദ്രങ്ങളിലും പുതുവർഷത്തോടനുബന്ധിച്ച് പ്രത്യേക പരിപാടികൾ സംഘടിപ്പിച്ചു. സുരക്ഷ ശക്തമാക്കാൻ കൂടുതൽ പോലീസ് സേനയേയും വിന്യസിച്ചിരുന്നു. രാഷ്ട്രപതി, ഉപരാഷ്ട്രപതി, പ്രധാനമന്ത്രി തുടങ്ങിയവർ ജനങ്ങൾക്ക് പുതുവത്സരാശംസകൾ നേർന്നു.

*******************************************

## പുതുവർഷാഘോഷം-കണ്ണൂർ... ഇൻട്രോ

പുതുവർഷാഘോഷത്തോടനുബന്ധിച്ച് കണ്ണൂർ ജില്ലയിലെ വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ വലിയ തിരക്കാണ് അനുഭവപ്പെടുന്നത്. **വിശദാംശങ്ങളുമായി ആകാശവാണി കണ്ണൂർ ജില്ലാ പ്രതിനിധി കെ.ഒ.ശശിധരൻ.**

**(വോയ്സ്)**

PNUTVPM

*******************************************

## ശിവഗിരി

92-ാ◌ം ശിവഗിരി തീർത്ഥാടനത്തിന് ഇന്ന് സമാപനം. മഹാസമാധി മന്ദിരത്തിൽ ഗുരുദേവ പ്രതിമ, പ്രതിഷ്ഠാ വാർഷിക പരിപാടികൾ പുരോഗമിക്കുകയാണ്. വൈകിട്ട് അഞ്ചിന് നടക്കുന്ന സമ്മേളനത്തിൻറെ ഉദ്ഘാടനം കേന്ദ്ര സഹമന്ത്രി ജോർജ് കുര്യൻ നിർവ്വഹിക്കും.

*******************************************

## മന്നം ജയന്തി

സാമൂഹിക പരിഷ്കർത്താവ് മന്നത്ത് പത്മനാഭന്റെ 148-ാാം ജയന്തി ആഘോഷങ്ങൾക്ക് തുടക്കം. പെരുന്ന എൻ എസ് എസ് ആസ്ഥാനത്ത് ഇന്നും നാളെയുമായാണ് ആഘോഷപരിപാടികൾ നടക്കുന്നത്. മന്നം നഗറിൽ നടന്ന അഖില കേരള നായർ പ്രതിനിധി സമ്മേളനത്തിൽ എൻ എസ് എസ് ജനറൽ സെക്രട്ടറി ജി സുകുമാരൻ നായർ സംഘടനയുടെ പ്രവർത്തനങ്ങൾ വിശദീകരിച്ചു.

*************************************************

## ഒരു രാജ്യം, ഒരു സബ്സ്ക്രിപ്ഷൻ

'ഒരു രാജ്യം, ഒരു സബ്സ്ക്രിപ്ഷൻ' സംരംഭത്തിന് രാജ്യത്ത് തുടക്കമായി. ഇതിൻറെ ഭാഗമായി വിവിധ സർവ്വകലാശാലകൾ , ഐഐടികൾ ഉൾപ്പെടെ സർക്കാർ ധനസഹായം നൽകുന്ന ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ 1.8 കോടിയിലേറെ വിദ്യാർത്ഥികൾക്ക് ലോകമെമ്പാടുമുള്ള ഒന്നാം നിര ജേണലുകളിലെ ഗവേഷണ ലേഖനങ്ങൾ ഉൾപ്പെടെയുള്ളവ പഠനത്തിനായി ലഭ്യമാകും.

RNU TVPM

*************************************************

## ഉമ തോമസ് എംഎൽഎ

കൊച്ചി കലൂർ സ്റ്റേഡിയത്തിൽ വീണ് തലയ്ക്ക് പരിക്കേറ്റ് ചികിത്സയിൽ കഴിയുന്ന തൃക്കാക്കര എംഎൽഎ ഉമാ തോമസിൻറെ ആരോഗ്യനിലയിൽ നേരിയ പുരോഗതിയെന്ന് ഡോക്ടർമാർ. കഴിഞ്ഞ ദിവസത്തേക്കാൾ ആരോഗ്യസ്ഥിതി മെച്ചപ്പെട്ടിട്ടുണ്ട്. വെൻറിലേറ്ററിൽ നിന്ന് മാറ്റുന്ന കാര്യം ആലോചിച്ച് തീരുമാനിക്കുമെന്നും ഡോക്ടർ അറിയിച്ചു.

*************************************************

ബ്രേക്ക്

ഈ വാർത്തകൾ ആകാശവാണിയിൽ നിന്നും...

****************************************************

കെ എസ് മണിലാൽ അന്തരിച്ചു

സസ്യ ശാസ്ത്രജ്ഞനും പത്മശ്രീ ജേതാവുമായ ഡോ. കെ എസ് മണിലാൽ തൃശൂരിൽ അന്തരിച്ചു. അദ്ദേഹത്തിൻറെ നിരന്തര പരിശ്രമമാണ് 2003-ൽ ഹോർത്തൂസ് മലബാറിക്കൂസിന്റെ ഇംഗ്ലീഷ് പതിപ്പിന്റെയും 2008 ൽ മലയാളം പതിപ്പിന്റെയും പ്രസിദ്ധീകരണത്തിലേക്ക് നയിച്ചത്. 2012-ൽ നെതർലൻഡ്സിന്റെ ഉന്നത സിവിലിയൻ പുരസ്കാരവും 2020-ൽ പത്മശ്രീ പുരസ്ക്കാരവും അദ്ദേഹത്തിന് ലഭിച്ചിട്ടുണ്ട്.

RNU TVPM

****************************************************

ശബരിമല........ ഇൻട്രോ

ശബരിമലയിൽ വൻ ഭക്തജനത്തിരക്ക്. കാനനപാത വഴി വരുന്ന അയ്യപ്പഭക്തർക്ക് മുക്കുഴിയിൽ പ്രത്യേക പാസ് നൽകുന്നത് താൽക്കാലികമായി നിർത്തിവച്ചു. തിരുവാഭരണ ഘോഷയാത്ര ഈ മാസം 12ന് പന്തളത്തുനിന്നും ശബരിമലയ്ക്ക് പുറപ്പെടും.

**വിശദാംശങ്ങളുമായി ആകാശവാണി പത്തനംതിട്ട ജില്ലാ പ്രതിനിധി ശ്രീജി എസ് ശ്രീധർ....**

(വോയ്സ്)

****************************************************

## അപകട മരണം

കോട്ടയം കണമല അട്ടിവളവിൽ ശബരിമല തീർത്ഥാടകാരുടെ വാഹനം അപകടത്തിൽപ്പെട്ട് ഡ്രൈവർ മരിച്ചു. ആന്ധ്രാ പ്രദേശ് സ്വദേശികൾ സഞ്ചരിച്ച വാഹനമാണ് അപകടത്തിൽപ്പെട്ടത്. 8 പേർക്ക് പരിക്കേറ്റു. അട്ടിവളവിൽ ഇറക്കം ഇറങ്ങുമ്പോൾ വാഹനം നിയന്ത്രണം വിട്ട് മറിയുകയായിരുന്നു.

*******************************************

## മരണം-ആകാശവാണി

ആകാശവാണി തിരുവനന്തപുരം നിലയം അഡ്മിനിസ്ട്രേഷൻ വിഭാഗം ജീവനക്കാരനായ മനോജ് എം പെട്ടെന്നുണ്ടായ അസുഖം നിമിത്തം നിര്യാതനായി. സംസ്കാര ചടങ്ങുകൾ സ്വദേശമായ കായംകുളത്ത് വീട്ടുവളപ്പിൽ നടക്കും.

RNU TVPM

*******************************************

## ചാകര-ഇടുക്കി (ഇൻട്രോ)

മലയോര ജില്ലയായ ഇടുക്കിയിൽ ചാകര അത്ര സുപരിചിതമല്ല. ഇടുക്കിക്കാർക്ക് ഇത് കേട്ടുകേൾവി മാത്രം. എന്നാൽ കഴിഞ്ഞ ദിവസങ്ങളിൽ ഇടുക്കി കല്ലാർകുട്ടിയിൽ എത്തിയവർ കണ്ടത് മത്സ്യങ്ങളുടെ ചാകരയാണ്. **ആകാശവാണി ഇടുക്കി ജില്ലാ പ്രതിനിധി രതീഷ് കൃഷ്ണ തയ്യാറാക്കിയ റിപ്പോർട്ട്.....**

(വോയ്സ്)

*******************************************

## നാടക സന്ധ്യ-ആകാശവാണി

ആകാശവാണി തിരുവനന്തപുരം നിലയത്തിൻറെ 75-ാം വാർഷികത്തോടനുബന്ധിച്ച് 'രംഗദീപ്തി നാടക സന്ധ്യ'

സംഘടിപ്പിക്കുന്നു. ശനിയാഴ്ച വൈകുന്നേരം അഞ്ച് മണിക്ക് തിരുവനന്തപുരം വിതുര ഗവൺമെൻറ് വൊക്കേഷണൽ ഹയർ സെക്കൻററി സ്കൂൾ ഓഡിറ്റോറിയത്തിലാണ് പരിപാടി. കഴിഞ്ഞ വർഷത്തെ കേരള സംഗീത നാടക അക്കാദമിയുടെ പുരസ്കാരം ലഭിച്ച 'ശാന്തം' എന്ന നാടകമാണ് അവതരിപ്പിക്കുന്നത്. ഈ നാടകത്തിൻറെ റേഡിയോ ആവിഷ്ക്കാരം ഈ മാസം 16 ന് രാത്രി 9.30 ന് ആകാശവാണിയുടെ കേരള നിലയങ്ങളിൽ പ്രക്ഷേപണം ചെയ്യും.

**********************************************************

## പുറ്റിങ്ങൽ - കേസ്

പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്ത കേസ് അടുത്തമാസം 17 ലേക്ക് മാറ്റി. കുറ്റപത്രം വായിക്കുന്നതിന് മുന്നോടിയായി ഉള്ള പ്രാഥമിക വാദം കേൾക്കുന്നതിനാണ് കേസ് പരിഗണിക്കുന്നത്. 2016 ഏപ്രിലിലായിരുന്നു 110 പേർ മരിച്ച പുറ്റിങ്ങൽ വെടിക്കെട്ട് ദുരന്തം നടന്നത്.

RNU TVPM

**********************************************************

## തിരുവനതപുരം മേയർ

തിരുവനന്തപുരം ആമയിഴഞ്ചൻ തോട്ടിൽ റെയിൽവേ മാലിന്യനിക്ഷേപം തുടരുന്നതായി മേയർ ആര്യ രാജേന്ദ്രൻ. നവംബറിൽ സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ 10 ലോഡ് ഓളം മാലിന്യം റെയിൽവേ നിക്ഷേപിച്ചതായി കണ്ടെത്തിയിരുന്നു. ഇതുസംബന്ധിച്ച് വിശദീകരണം നല്കാൻ റെയിൽവെയ്ക്ക് നോട്ടീസ് നൽകിയതായും മേയർ അറിയിച്ചു.

**********************************************************

## സന്തോഷ് ട്രോഫി

78-ാമത് സന്തോഷ് ട്രോഫി കിരീടം ചൂടി പശ്ചിമ ബംഗാൾ. തെലങ്കാനയിലെ ഗച്ചിബൗളി സ്റ്റേഡിയത്തിൽ നടന്ന മത്സരത്തിൽ കേരളത്തെ ഏകപക്ഷീയമായ ഒരു ഗോളിന് തോൽപ്പിച്ചാണ് ബംഗാളിൻറെ ജയം. അധിക സമയത്ത് റോബി ഹൻസദയാണ് ബംഗാളിനായി വിജയഗോൾ നേടിയത്. സന്തോഷ് ട്രോഫി ചരിത്രത്തിൽ 47-ാം ഫൈനൽ കളിച്ച ബംഗാളിൻറെ 33-ാം കിരീടനേട്ടമാണിത്.

**************************************************

## ഫെൻസിങ് ചാമ്പ്യൻഷിപ്പ്

കണ്ണൂരിൽ ദേശീയ സീനിയർ പുരുഷ -വനിതാ ഫെൻസിങ് ചാമ്പ്യൻഷിപ്പ് മത്സരങ്ങൾ പുരോഗമിക്കുന്നു. ഇന്ന് വനിതാ വിഭാഗം ഫോയിൽ, വനിതാ വിഭാഗം സാബർ, പുരുഷ വിഭാഗം എപ്പെ ഇനങ്ങളിലാണ് മത്സരങ്ങൾ നടക്കുന്നത്. ഇന്നലെ സീനിയർ ഫോയിൽ പുരുഷ വിഭാഗത്തിൽ തമിഴ് നാടിൻ്റെ കെ.ബിബീഷ്, സീനിയർ എപ്പെ വനിത വിഭാഗത്തിൽ ഹരിയാനയുടെ തനിഷ്ക് കത്രി എന്നിവർ സ്വർണ്ണം നേടി. രാജ്യത്തുടനീളമുള്ള 700-ഓളം കായിക താരങ്ങളാണ് ഇത്തവണ ചാമ്പ്യൻഷിപ്പിൽ മാറ്റുരയ്ക്കുന്നത്.

RNU TVPM

**************************************************

## പൊൻമുടി

തിരുവനന്തപുരം പൊൻമുടിയിൽ ഇന്നലെ രാത്രിയുണ്ടായ ശക്തമായ കാറ്റിനെത്തുടർന്ന് മരങ്ങൾ കടപുഴകി വീണു. സ്ഥലത്ത് ഗതാഗതം തടസ്സപ്പെട്ടതിനെ തുടർന്ന് അഗ്നിരക്ഷാ സേനയെത്തി മരങ്ങൾ മുറിച്ചു നീക്കി. ബൊണക്കാട്, കല്ലാർ

മൊട്ടമൂട് ആദിവാസി മേഖലകളിലും മരം വീണ് നാശനഷ്ടമുണ്ടായി.

*****************************************************

## സൈനികനെ കണ്ടെത്തി

കാണാതായ കോഴിക്കോട് എരഞ്ഞിക്കൽ സ്വദേശിയായ സൈനികൻ വിഷ്ണുവിനെ എലത്തൂർ പൊലീസ് സ്റ്റേഷനിലെത്തിച്ചു. സാമ്പത്തിക ബുദ്ധിമുട്ട് കാരണമാണ് നാട്ടിൽ നിന്ന് മാറി നിന്നതെന്ന് അദ്ദേഹം മൊഴി നൽകിയതെന്ന് പൊലീസ് അറിയിച്ചു. പൂണെയിലെ ആർമി ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്ന് അവധിയെടുത്ത് നാട്ടിലേക്ക് പുറപ്പെട്ട ശേഷമാണ് ഇദ്ദേഹത്തെ കാണാതായത്.

*************************************************************************************************************************************************

RNU TVPM